(ബി) അയൽക്കൂട്ടം പദ്ധതികളുടേയും ടി. എം. സി. പദ്ധതികളുടേയും കണക്ഷനുകൾ ഒരേസമയത്തുതന്നെ ഉപഭോക്താക്കൾക്ക് നൽകിയിട്ടുള്ള സംഭവം ഉണ്ടായിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇക്കാര്യം അടിയന്തിരമായി പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഒരേ വീട്ടിൽ ഒന്നിലധികം കണക്ഷനുകൾ നൽകിയിട്ടുള്ള പക്ഷം ഒറ്റക്കണക്ഷൻ മാത്രം നിലനിർത്തി ബാക്കിയുള്ളവ വിച്ഛേദിക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 360 എണ്ണം പുതുതായി നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി, ഡി) ഇത് സംബന്ധിച്ച് ആക്ഷേപങ്ങൾ കിട്ടിയിട്ടില്ല.

(ഇ) ഓരോ കണക്ഷനും ഗുണഭോക്താക്കൾ പണമടയ്ക്കുന്നതിനാൽ ബന്ധപ്പെട്ട ഗുണഭോക്തൃസമിതിക്കു ആക്ഷേപമുള്ളപക്ഷം ഉചിതമായ തീരുമാനമെടുക്കാവുന്നതാണ്.

പെരുന്തേനരുവി പദ്ധതിയുടെ പൂർത്തീകരണം

121 [5388] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുന്തേനരുവി പദ്ധതി തുടങ്ങിയ കാലത്ത് കറുത്ത പൈപ്പുകൾ മണ്ണിനടിയിൽ കുഴിച്ചിടുകയും പിന്നീട് ഉപയോഗശൂന്യമായ ആ പൈപ്പുകൾ മാറ്റി ഉദ്ദേശം ഇരുപത് കിലോമീറ്റർ ദൂരത്തിൽ പുതിയ പൈപ്പുകൾ ഇടുവാൻ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ നിലവിലുള്ള സ്ഥിതി വിശദീകരിക്കാമോ;

(ബി) ആയതിനായി തയ്യാറാക്കിയ ഓരോ പ്രവർത്തികളുടേയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഏത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പ്രസ്തുത പൈപ്പുകൾ മാറ്റിയിടുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഈ പദ്ധതിക്കാവശ്യമായ ഫണ്ട് എങ്ങനെ കണ്ടെത്താനാണുദ്ദേശിക്കുന്നത്;

(ഇ) ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണുദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) റാന്നി സബ് ഡിവിഷനിലെ എൻ. സി./ പി. സി. പദ്ധതികളിലൂടെ എക്സ്റ്റൻഷൻ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ എന്നാണ് ലഭിച്ചത്;

(ജി) ഈ എസ്റ്റിമേറ്റുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എച്ച്) ഈ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടി ക്രമങ്ങൾ വിശദീകരിക്കാമോ;

(ഐ) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പെരുന്തേനരുവി (വെച്ചൂച്ചിറ) പദ്ധതി തുടങ്ങിയ കാലത്ത് മണ്ണിനടിയിൽ കുഴിച്ചിട്ട പൈപ്പുകൾ മാറ്റിയിടുന്നതിനും വെച്ചൂച്ചിറ പഞ്ചായത്തിലെ നിലവിലുള്ള പദ്ധതിയുടെ പ്രയോജനം കിട്ടാത്ത മറ്റുഭാഗങ്ങളിൽ ശുദ്ധ ജലമെത്തിക്കുന്നതിനുവേണ്ടി എൻ. സി./പി. സി. പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതികൾ തയ്യാറാക്കി വരുന്നു.

(ബി) എൻ. സി./പി. സി. പദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(സി) എൻ. സി./പി. സി. പദ്ധതിയിൽ.

(ഡി) കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി ഫണ്ട് കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്.

(ഇ) ഈ പദ്ധതിക്ക് അനുമതിയും ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്.

(എഫ്) 17-5-2002ന്

(ജി) (1) വടശ്ശേരിക്കര പഞ്ചായത്ത്: വാർഡ് 1—15 ലക്ഷം രൂപ, വാർഡ് 2—17.15 ലക്ഷം രൂപ.

(2) അങ്ങാടി പഞ്ചായത്ത്: വാർഡ് 1—10 ലക്ഷം രൂപ.

(3) പെരുനാട് പഞ്ചായത്ത്: വാർഡ് 1—37ലക്ഷം രൂപ, വാർഡ് 4— 11 ലക്ഷം രൂപ, വാർഡ് 7—7 ലക്ഷം രൂപ

(4) പഴവങ്ങാടി പഞ്ചായത്ത്: വാർഡ് 7 —20 ലക്ഷം രൂപ.

(എച്ച്) ഈ പ്രവർത്തികളുടെ പ്രൊപ്പോസലുകൾ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റെ സ്റ്റേറ്റ് ലെവൽ സാംങ്ഷനിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) പ്രസ്തുത പ്രവൃത്തികൾക്ക് അനുമതിയും ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

വെമ്പായം-പനവൂർ-പുല്ലംപാറ കുടിവെള്ള പദ്ധതി

122 [5389] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെമ്പായം-പനവൂർ-പുല്ലംപാറ പഞ്ചായത്തുകൾക്കുവേണ്ടി ആരംഭിച്ച കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി ഏതുഘട്ടംവരെയായി;

(ബി) ഈ പദ്ധതിക്കുവേണ്ടി എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നത്;

(സി) ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലായിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ പദ്ധതിയുടെ സ്തംഭനാവസ്ഥ ഒഴിവാക്കി പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ പദ്ധതിയുടെ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി പൂർത്തിയായി. കിണർ, പമ്പ് ഹൗസ് എന്നിവയുടെ പണി 83% പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതിക്ക് ആകെ 5 ടാങ്കുകളും 3 സംപ്-കം-പമ്പ് ഹൗസുകളും ഉണ്ട് ഇതിൽ 3 ടാങ്കിന്റെയും 2 സമ്പ്-കം-പമ്പ് ഹൗസിന്റെയും പണി പൂർത്തിയായി. ബാക്കിയുള്ളവയ്ക്ക് സ്ഥലം കിട്ടാനുള്ള കാലതാമസമുണ്ടായി. ആലുമൂട്ടിലുള്ള ടാങ്കിന്റെ സ്ഥലം 26-6-2003-ൽ ലഭ്യമായി. ഈ ടാങ്കിന്റെ പ്രവൃത്തി ടെണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിച്ച് വരുന്നു. വയ്ക്കമാവിലുള്ള സമ്പിന്റെയും കുറ്റിമൂട്ടിലുള്ള ടാങ്കിന്റെയും സ്ഥലം ഇതുവരെയും പഞ്ചായത്തിൽ നിന്നു കിട്ടിയിട്ടില്ല. പമ്പിംഗ് മെയിൻ, ട്രാൻസ്മിഷൻ മെയിൻ എന്നിവയുടെ പണികൾ സപ്ലയിംഗ് ആന്റ് ലേയിംഗ് അടിസ്ഥാനത്തിൽ ടെണ്ടർ ചെയ്തിട്ടുണ്ട്. ഡിസ്ട്രിബ്യൂഷന്റെ പണികൾക്ക് താമസംവിനാ നടപടി സ്വീകരിക്കുന്നതാണ്.

(ബി, സി) 350 ലക്ഷം രൂപയാണ് ഇതിന്റെ ഒറിജിനൽ എസ്റ്റിമേറ്റ് തുക. ഇതിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് തുക തയ്യാറാക്കേണ്ടിയിരിക്കുന്നു. ഒരു കോടി രൂപ നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2003 ജൂലൈ മാസംവരെ 384 ലക്ഷം രൂപ ഈ പദ്ധതിക്കുവേണ്ടി ചെലഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly